# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2037 11.02.2020-ൽ മറുപടിക്ക്

## <u>മാഫിയാ സംഘങ്ങൾ ഉയർത്തുന്ന ഭീഷണി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ മണ്ണ്, മണൽ, ക്വാറി, റിയൽ എസ്റ്റേറ്റ് മാഫിയാ സംഘങ്ങൾ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇത്തരം മാഫിയ സംഘങ്ങൾ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സ്വന്തം പുരയിടത്തിലെ മണ്ണ് മാറ്റുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ സംഗീത് എന്ന യുവാവിനെ ജെ.സി.ബി.-യുടെ ബക്കറ്റ് കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തിയ കേസ്സിൽ പ്രതികളായ വരെയെല്ലാം കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ യെന്ന് അറിയിക്കാമോ; | (ബി) ഇതുമായി ബന്ധപ്പെട്ട് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 89/20 U/s 143, 147, 148, 447, 302, 149 IPC നം. കേസ്സിലെ പ്രതി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 12 പേരിൽ 10 പേരെ അറസ്റ്റ് ചെയ്യുകയും റിമാന്റ് ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. |
| (സി) കേസ്സ് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ? | (സി) ഈ കേസ്സിൽ അറസ്റ്റ് ചെയ്ത്, ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിരുന്ന പ്രതികളെ പോലീസ് കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പും മറ്റും നടത്തി അന്വേഷണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ